Draft #4 of File 30059/AC A5/3/2019/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 27-Sep-2019 04:34 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് -നിർവാഹക സമിതി യോഗത്തിന്റെ ശുപാർശകൾ -അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 4648/AC A 5/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 30.09.2019

---

പരാമർശം:-സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട 18/07/2019- നു വൈസ് ചാൻസലറുടെ ചേംബറിൽ ചേർന്ന നിർവാഹക സമിതിയുടെ യോഗത്തിന്റെ നടപടികുറിപ്പ്

**ഉത്തരവ്**

സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചേർന്ന നിർവാഹക സമിതി യോഗം പരാമർശപ്രകാരം താഴെ പറയുന്ന ശുപാർശകൾ സമർപ്പിച്ചു.

1) മെയിൻസ് കം പ്രിലിമിനറി, 2019 ബാച്ചിന്റെ ഉദ്ഘാടനം ബഹു. വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ, ശ്രീ. കെ. ജയകുമാർ, ഐ എ എസ്., റിട്ടയേർഡ് ചീഫ് സെക്രട്ടറിയെ കൊണ്ട് നടത്തുന്നതിന് ശിപാർശ ചെയ്തു.
2) ഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ALS ന്റെ ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങുന്നതിനെ കുറിച്ചുള്ള ചർച്ച അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് മാറ്റി വയ്ക്കുന്നതിന് ശിപാർശ ചെയ്തു.
3) സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസ് എടുക്കുന്നതിന് കോട്ടയത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന അദ്ധ്യാപകർക്ക് സർവ്വകലാശാലയിലേക്കു വരുന്നതിനും തിരിച്ചു പോകുന്നതിനും സർവ്വകലാശാലയുടെ ഒരു വാഹനം അനുവദിക്കുന്നതിന് ശിപാർശ ചെയ്തു.
4) 2019 ബാച്ച് എം സി പി വിദ്യാർത്ഥികൾക്ക് വെള്ളി , ശനി , ഞായർ കൂടാതെ മറ്റ് അവധി ദിവസങ്ങളിൽ നടത്തുന്ന ക്ലാസ്സുകൾക്കും Guest House -ലെ ഡോർമെറ്ററി സൗകര്യം ലഭ്യമെങ്കിൽ അനുവദിവദിക്കുന്നതിന് ശിപാർശ ചെയ്തു.
നിർവാഹക സമിതി യോഗത്തിന്റെ മേൽ ശുപാർശകൾ വൈസ് ചാൻസലർ അംഗീകരിച്ചു.
തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 . ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും/സെക്ഷനുകൾക്കും

2. പ്രൊഫ. (ഡോ.) സന്ധ്യ ആർ.എസ്.,ഡയറക്ടർ,സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്

3. വൈസ് ചാൻസലറുടെ/പ്രൊ വൈസ് ചാൻസലറുടെ പി.എസ്.

4. രജിസ്ട്രാറുടെ പി.എ./പരീക്ഷാ കൺട്രോളറുടെ പി.എ./ഫിനാൻസ് ഓഫീസറുടെ പി.എ.

5. ജെ.ആർ II/ഡി.ആർ II/എ.ആർ III (അക്കാദമിക്)

6. എസി.സി I/II/എസി.എൽ

7. കണ്ടെന്റ് മാനേജ്മെന്റ്/IQAC

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം